# ഗവേഷക സ്ഥാപനങ്ങളുടെ ഏകോപനത്തിനു നടപടി: കേന്ദ്രമന്ത്രി ഹർഷവർധൻ

കൊച്ചി: രാജ്യത്തെ ഗവേഷക സ്ഥാപനങ്ങളുടെ ഏകോപനത്തിനു സർക്കാർ നടപടി സ്വീകരിക്കുമെന്നു കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പു മന്ത്രി ഡോ. ഹർഷവർധൻ. അവയവദാന ബോധവത്കരണം രാജ്യവ്യാപകമായി ഏറ്റെടുക്കുമെന്നും അദ്ദേഹം പറഞ്ഞു. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ അവയവമാറ്റത്തിനായുള്ള മികവിന്റെ കേന്ദ്രം രാജ്യത്തിനു സമർപ്പിച്ച ശേഷം മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഗവേഷണ സ്ഥാപനങ്ങൾ തമ്മിൽ ഏകോപനമില്ലാത്തതു പലതരത്തിലുള്ള പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്. ശാസ്ത്ര, ഗവേഷണ മേഖലകൾ കാലോചിതമായി മാറണം. ശാസ്ത്ര നേട്ടങ്ങൾ രാജ്യപുരോഗതിക്കു പ്രയോജനപ്പെടുത്തുന്നതിലും ജനങ്ങളിലേക്കെത്തിക്കുന്നതിലും കാലതാമസം ഇല്ലാതാക്കും.

അവയവദാന കൈമാറ്റത്തിൽ കേരളം രാജ്യത്തിനാകെ മാതൃകയാണ്. ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഏറെ താത്പര്യമെടുക്കുന്നുവെന്നത് അഭിമാനകരമാണ്. അവയവമാറ്റ ശാസ്ത്രക്രിയയിലും രാജ്യം ഏറെ മുന്നേറിയിട്ടുണ്ട്. ഈ രംഗത്തു പ്രവർത്തിക്കുന്ന രാജ്യത്തെ പ്രമുഖ ആശുപത്രികൾക്കിടയിൽ ഏകോപനമുണ്ടാക്കുമെന്നും ഡോ.ഹർഷവർധൻ പറഞ്ഞു.

അമൃത ആശുപത്രിയിൽ കൈപ്പത്തി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയ മെഡിക്കൽ ടീമിനെ മന്ത്രി വി.എസ്. ശിവകുമാർ ആദരിച്ചു. ശസ്ത്രക്രിയയ്ക്കു വിധേയനായ മനുവിനു കൈപ്പത്തി ദാനം ചെയ്ത ബിനോയിയുടെ പിതാവ് ഉത്തമൻ, അമ്മ ബേബി, അഫ്ഗാൻ സ്വദേശി അബ്ദുൽ റഹിമിനു കൈപ്പത്തികൾ ദാനം ചെയ്ത ടി.ടി.ജോസഫിന്റെ ഭാര്യ ഫ്രാൻസിസ്ക, മകൾ അലീഷ, മസ്തിഷ്കമരണം സംഭവിച്ചതിനെത്തുടർന്ന് ഏഴ് അവയവങ്ങൾ ദാനം ചെയ്ത പ്രജീഷിന്റെ കുടുംബാംഗങ്ങൾ എന്നിവരെ നടൻ മോഹൻലാൽ ആദരിച്ചു.

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി വീഡിയോ കോൺഫറൻസിംഗിലൂടെ സന്ദേശം നൽകി. അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി അനുഗ്രഹപ്രഭാഷണം നടത്തി. മികവിന്റെ കേന്ദ്രത്തിന്റെ വെബ് പേജ് ഡോ. നോബിൾ ഗ്രേഷ്യസ് ഉദ്ഘാടനം ചെയ്തു. മെഡിക്കൽ ഡയറക്ടർ ഡോ.പ്രേം നായർ, പ്രിൻസിപ്പൽ ഡോ.പ്രതാപൻ നായർ, മെഡിക്കൽ സൂപ്രണ്ട് ഡോ. സഞ്ജീവ് സിംഗ്, ഡോ.സുബ്രഹ്മണ്യം അയ്യർ, ഡോ.സുധീന്ദ്രൻ എന്നിവർ പ്രസംഗിച്ചു.



എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ അവയവമാറ്റത്തിനായുള്ള മികവിന്റെ കേന്ദ്രം രാജ്യത്തിനു സമർപ്പിക്കുന്ന ചടങ്ങ് കേന്ദ്രമന്ത്രി ഹർഷവർധനും നടൻ മോഹൻലാലും ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി വി.എസ്. ശിവകുമാർ, ഡോ. പ്രേം നായർ, സ്വാമി പൂർണാമൃതാനന്ദപുരി എന്നിവർ സമീപം.

# തുളസിയുടെ അവയവങ്ങൾ അഞ്ചുപേർക്കു പുതുജീവനായി



തുളസി

കൊച്ചി: അപകടത്തിൽ പരിക്കേറ്റു മസ്തിഷ്കമരണം സംഭവിച്ച വീട്ടമ്മയുടെ കരളും വൃക്കകളും കണ്ണും ദാനം ചെയ്തു. അമ്പലപ്പുഴ കോമനയിൽ വൈറ്റ്ഹൗസിൽ നരേന്ദ്രനാഥൻപിള്ളയുടെ ഭാര്യ തുളസിയുടെ (64) അവയവങ്ങളാണ് അഞ്ചു പേർക്കു പുതുജീവൻ പകർന്നത്.

കഴിഞ്ഞ ആറിനുണ്ടായ അപകടത്തിൽ തലയ്ക്കു പരിക്കേറ്റ് അതീവഗുരുതരാവസ്ഥയിൽ എറണാകുളം ലേക്‌ഷോർ ആശുപത്രിയിൽ പ്രവേശിപ്പിച്ച തുളസിയുടെ മസ്തിഷ്കമരണം പിറ്റേന്നു സ്ഥിരീകരിച്ചു. തുടർന്ന് അവയവങ്ങൾ ദാനം ചെയ്യാൻ ഭർത്താവും മക്കളും ബന്ധുക്കളും സന്നദ്ധത അറിയിക്കുകയായിരുന്നു. തുളസിയുടെ കരൾ ലേക്‌ഷോർ ആശുപത്രിയിലും വൃക്കകളിലൊന്ന് അമൃത ആശുപത്രിയിലും മറ്റൊന്ന് കോട്ടയം മെഡിക്കൽ കോളജിലും ചികിത്സയിലായിരുന്ന രോഗികളിൽ വച്ചുപിടിപ്പിച്ചു. നേത്രപടലങ്ങൾ അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിലെ നേത്രബാങ്കിൽ സൂക്ഷിച്ചിരിക്കുകയാണ്.

ലേക്‌ഷോറിലെ മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റ് ഡയറക്ടർ ഡോ. ഫിലിപ്പ് ജി. തോമസ്, ഡോ. കെ.പി.മഞ്ജുരാജ്, ഡോ. എസ്.മഹേഷ് എന്നിവരുടെ നേതൃത്വത്തിലാണ് കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നത്. അനസ്തേഷ്യ വിഭാഗം മേധാവി ഡോ. മോഹൻ എ. മാത്യു, ഡോ. ജയാ സൂസൻ ജേക്കബ്, ഡോ. നീത ജോർജ് എന്നിവരും ശസ്ത്രക്രിയകളിൽ പങ്കാളികളായി. ആറിനു രാവിലെ ആറിനു മണ്ണാർകാട് പള്ളിയിൽ പോകാൻ ബസ് കാത്തു നിൽക്കുമ്പോഴാണു കാറിടിച്ചു തുളസിക്കു പരിക്കേറ്റത്. അമ്പലപ്പുഴ കച്ചേരി ജംഗ്ഷനിലായിരുന്നു അപകടം. ദീപയും ദിവ്യയും മക്കളാണ്. മരുമക്കൾ: അഡ്വ. സുരേഷ് കുമാർ, ജയകുമാർ.